**പതിനാലാം കേരളനിയമസഭ**

**പത്തൊൻപതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1727** | **10.03.2020-ൽ മറുപടിയ്ക്ക്** |
|---|---|

**മെറ്റൽ ഡിറ്റക്ടറുകൾ വാങ്ങിയ നടപടി**

| | **ചോദ്യം**<br>**ശ്രീ. ഒ. രാജഗോപാൽ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|---|---|
| (എ) | ശബരിമലയിൽ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പോലീസ് ഡിപ്പാർട്ട്മെന്റ് മെറ്റൽ ഡിറ്റക്ടറുകൾ വാങ്ങിയതിൽ അഴിമതി നടന്നതായ മാധ്യമ വാർത്തകളുടെ നിജസ്ഥിതി പുറത്തു കൊണ്ടുവരുവാൻ പോലീസ് ഡിപ്പാർട്ട്മെന്റിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് അന്വേഷി പ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ; | (എ) യും (ബി) യും | സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതിൽ അഴിമതി നടന്നതായി സർക്കാർ ഇതുവരെ വിലയിരുത്തിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമെന്ന നിലയിലും, സർക്കാർ അംഗീകൃത ടി.എസ്.പി എന്ന നിലയിലും, ശബരിമലയിൽ ഉപയോഗത്തിലുണ്ടായിരുന്ന പല ഉപകരണങ്ങ ളുടെയും വിതരണ/പരിപാലന സ്ഥാപനമെന്ന നിലയിലുള്ള പ്രവർത്തന പരിചയവും കണക്കിലെടുത്താണ് കെൽട്രോണിനെ പോലീസ് വകുപ്പ് പരിഗണിച്ചത്. ടി.എസ്.പി രീതിയിലുള്ള പർച്ചേയ്സുകളും സേവനകരാറുകളും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കെൽട്രോൺ, സിഡ്കോ എന്നീ സ്ഥാപനങ്ങൾ ടി.എസ്.പി ആയി പ്രവർത്തിച്ചിട്ടുള്ള കരാറുകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിവിധ സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായങ്ങൾ അവഗണിച്ചു കൊണ്ട് കെൽട്രോണിനെ ഇടനിലക്കാരാക്കുവാൻ കാരണ മെന്തെന്ന് അറിയിക്കുമോ; | | |
| (സി) | സുരക്ഷാ ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയിരുന്നു എന്നും ഓരോരുത്തരും ക്വാട്ട് ചെയ്ത തുക എത്ര എന്നും വിശദമാക്കുമോ? | (സി) | സി ആന്റ് എ ജി റിപ്പോർട്ടിൽ പരാമർശി ക്കപ്പെട്ട കാലയളവിലെ വാങ്ങലിനു കെൽട്രോണിന്റെ പ്രൊപ്പോസൽ മാത്രമേ ലഭിച്ചിരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ